പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1744 06.03.2017-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. മുരളീധരൻ | | ശ്രീ. എ.കെ. ശശീന്ദ്രൻ (ഗതാഗത വകുപ്പു മന്ത്രി) | |
| (എ) | കെ.എസ്.ആർ.ടി.സി.യുടെ നഷ്ടം നികത്താൻ ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം കെ.എസ്.ആർ.ടി.സി.യെ ശാക്തീകരിക്കാനായി പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന 1000 ബസുകൾ അടുത്ത 5 വർഷം കൊണ്ട് നിരത്തിലിറക്കുവാനുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രകൃതി സൗഹൃദ വാതകം ഇന്ധനമായി ഉപയോഗിക്കുന്ന ബസുകൾ നിരത്തിലിറക്കുന്നതിനുള്ള ആദ്യ ഗഡുവായി 50 കോടി രൂപയാണ് പ്രതീക്ഷിക്കുന്ന ചെലവ്. അഞ്ചു വർഷം കൊണ്ട് ഭൂരിഭാഗം ബസുകളും സി.എൻ.ജി. ഇന്ധനത്തിലേക്ക് മാറ്റുന്നതിന് ലക്ഷ്യമിടുന്നുണ്ട്. ബസ് സ്റ്റാൻഡുകളെ ആധുനികവത്കരിക്കുകയും വരുമാന ദായകമാക്കുകയും ചെയ്യുന്നതാണ്. മൈലേജ്, മെയിന്റനൻസ് തുടങ്ങിയ മേഖലകളിൽ ഉത്പാദന ക്ഷമത ഉണ്ടാക്കുന്നതിനും ബ്രേക്ക്ഡൗണുകൾ, അപകടങ്ങൾ എന്നിവ കുറയ്ക്കുന്നതിനും സമയബന്ധിത കർമ്മ പരിപാടി തയ്യാറാക്കുന്നതാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അഞ്ചോ അതിലധികമോ കെ.എം.പി.എൽ ലഭിക്കുന്ന ബസുകളുടെ ഡ്രൈവർമാർക്ക് 100 രൂപ 01.02.2017 മുതൽ പ്രതിദിന ഇൻസെന്റീവ് നല്കി വരുന്നു. കൂടാതെ ബോധവത്കരണ ക്ലാസുകളും ട്രെയിനിംഗും സംഘടിപ്പിച്ചു |

| | | | |
|---|---|---|---|
| | | | വരുന്നു. മെയിന്റനൻസിനായി നിരത്തിൽ നിന്നും ബസുകൾ പകൽ സമയം പിൻവലിക്കുന്നത് മൂലം കോർപ്പറേഷന് നഷ്ടം സംഭവിച്ചു വരുന്നതായി കണ്ടതിന്റെ അടിസ്ഥാനത്തിൽ എല്ലാതരം റിപ്പയറുകളും, മെയിന്റനൻസുകളും രാത്രി കാലങ്ങളിലാണ് നടത്തിവരുന്നത്. |
| (ബി) | വർഷങ്ങളായി ജോലിക്ക് ഹാജരാകാത്ത എത്ര ജീവനക്കാരെ ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.ആർ.ടി.സി.യിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; | (ബി) | ഏഴ് (7) ഡ്രൈവർമാരേയും, അഞ്ച് (5) കണ്ടക്ടർമാരേയും വകുപ്പ് തല അച്ചടക്ക നടപടിയുടെ ഭാഗമായി സർവ്വീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്. |
| (സി) | നഷ്ടം നികത്തുന്നതിനുള്ള നടപടിയുടെ ഭാഗമായി പ്രൈവറ്റ് ബസ്സുകൾക്ക് റൂട്ട് പെർമിറ്റ് അനുവദിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തുമോ? | (സി) | നിലവിൽ പരിഗണനയിലില്ല. ഇതു സംബന്ധിച്ച ചട്ടങ്ങൾപ്രകാരമുള്ള നടപടിക്രമങ്ങൾ തുടങ്ങുന്നതാണ്. |

സെക്ഷൻ ഓഫീസർ